**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2752** **13-10-2021 - ൽ മറുപടിയ്ക്ക്**

**വരുമാനം കുറഞ്ഞ ക്ഷേത്രങ്ങളുടെ സംരക്ഷണവും ജീവനക്കാരുടെ ആനുകൂല്യങ്ങളും**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി. ടി. എ. റഹീം** | | **Shri K. Radhakrishnan**<br>**(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി )** | |
| (എ) | വരുമാനം തീരെ കുറഞ്ഞ ക്ഷേത്രങ്ങളുടെ പുനരുദ്ധാരണത്തിന് എന്തെല്ലാം നടപടികളാണ് സർക്കാർ സ്വീകരിച്ച് വരുന്നതെന്ന് വിശദമാക്കാമോ; | (എ) | ക്ഷേത്രങ്ങളോടനുബന്ധിച്ചുള്ള കാവുകൾ കുളങ്ങൾ, ആൽത്തറകൾ എന്നിവയുടെ നവീകരണത്തിനായി സർക്കാർ ധനസഹായം നൽകി വരുന്നുണ്ട്. മലബാർ ദേവസ്വം ബോർഡിന് കീഴിലുള്ള വരുമാനം കുറവുള്ള ക്ഷേത്രങ്ങളുടെ പുനരുദ്ധാരണത്തിനും അറ്റകുറ്റപണികൾക്കുമായി മലബാർ ദേവസ്വം ബോർഡ് മുഖേന ജീർണ്ണോദ്ധാരണ ഗ്രാന്റ് നൽകുന്നുണ്ട്. കൂടാതെ കോവിഡ് മഹാമാരി മൂലം ക്ഷേത്രങ്ങളിൽ ഭക്തർക്ക് പ്രവേശന നിയന്ത്രണം ഏർപ്പെടുത്തിയത് മൂലമുണ്ടായ വരുമാന നഷ്ടം പരിഹരിക്കുന്നതിനായി വിവിധ ദേവസ്വം ബോർഡുകൾക്ക് സർക്കാർ പ്രത്യേക സാമ്പത്തിക സഹായം നൽകിയിരുന്നു. |
| (ബി) | ക്ഷേത്രങ്ങളിലെ ജീവനക്കാർക്ക് സർക്കാർ എന്തൊക്കെ ആനുകൂല്യങ്ങളാണ് നൽകി വരുന്നതെന്നും പ്രസ്തുത ജീവനക്കാർക്ക് പെൻഷൻ നൽകുന്നുണ്ടോയെന്നും വ്യക്തമാക്കാമോ; | (ബി) | മലബാർ ദേവസ്വം ബോർഡിന് കീഴിലുള്ള 20 ലക്ഷം രൂപയിൽ താഴെ വരുമാനമുള്ള ക്ഷേത്രങ്ങളിലെ ജീവനക്കാർക്ക് നിബന്ധനകൾക്ക് വിധേയമായി മലബാർ ദേവസ്വം മാനേജ്മെന്റ് ഫണ്ടിൽ നിന്ന് ശമ്പള ധനസഹായം, ഉത്സവബത്ത തുടങ്ങിയ ആനുകൂല്യങ്ങൾ നൽകി വരുന്നുണ്ട്. ക്ഷേത്രത്തിന്റെ അസസ്സിബിൾ വരുമാനത്തിന്റെ 50% തുക ശമ്പളത്തിനായി ചെലവഴിച്ചിട്ടും ബാക്കിയായ ശമ്പളം നൽകുന്നതിനുള്ള ധനസഹായമാണ് ഇപ്രകാരം നൽകി വരുന്നത്. ക്ഷേത്രങ്ങളിലെ അംഗീകൃത ജീവനക്കാർ മലബാർ ടെമ്പിൾ എംപ്ലോയിസ് വെൽഫയർ ഫണ്ട് ബോർഡിൽ അംഗങ്ങളാണെങ്കിൽ അവർ വിരമിക്കുമ്പോൾ പെൻഷൻ - ഗ്രാറ്റുവിറ്റി ആനുകൂല്യങ്ങൾ നൽകി വരുന്നുണ്ട്. നിലവിൽ 1500/- രൂപ പ്രതിമാസം പെൻഷനാണ് വിരമിച്ച ക്ഷേത്രജീവനക്കാർക്ക് നൽകുന്നത്. മറ്റ് ദേവസ്വം ബോർഡുകളിലെ ക്ഷേത്രജീവനക്കാർക്ക് ശമ്പളം, പെൻഷൻ തുടങ്ങിയ |

| | | | |
|---|---|---|---|
| | | | ആനുകൂല്യങ്ങൾ അതാത് ദേവസ്വങ്ങളുടെ തനത് ഫണ്ടിൽ നിന്നുമാണ് നൽകി വരുന്നത്. |
| (സി) | ക്ഷേത്രങ്ങളുടെ സംരക്ഷണത്തിനും വിവിധ ആനുകൂല്യങ്ങൾ നൽകുന്നതിനും ഏത് രീതിയിലാണ് തുക കണ്ടെത്തുന്നതെന്ന് വിശദമാക്കാമോ? | (സി) | ദേവസ്വങ്ങളുടെ വഴിപാട് വഴിപാടിതര വരുമാനത്തിൽ നിന്നുമാണ് പ്രധാനമായും ക്ഷേത്രങ്ങളുടെ സംരക്ഷണത്തിനും വിവിധ ആനുകൂല്യങ്ങൾ നൽകുന്നതിനുമുള്ള തുക കണ്ടെത്തുന്നത്. മലബാർ ദേവസ്വം ബോർഡ് മുഖേനയുള്ള ജീർണ്ണോദ്ധാരണ ഗ്രാന്റും, മലബാർ ദേവസ്വം ബോർഡിലെ ക്ഷേത്രജീവനക്കാർക്ക് മാനേജ്മെന്റ് ഫണ്ടിൽ നിന്നും ശമ്പള ധനസഹായം നൽകുന്നതിനുള്ള ഗ്രാന്റും പൂർണ്ണമായും സർക്കാരിൽ നിന്നുള്ള ഗ്രാന്റ്-ഇൻ-എയ്ഡ് ആയാണ് നൽകുന്നത്. പെൻഷൻ ആനുകൂല്യങ്ങൾ അനുവദിക്കുന്ന മലബാർ ടെമ്പിൾ എംപ്ലോയിസ് വെൽഫയർ ഫണ്ട് ബോർഡിന്റെ പ്രവർത്തനം ജീവനക്കാരുടെ വിഹിതം, ക്ഷേത്രങ്ങളിൽ നിന്നും അനുവദിക്കുന്ന വിഹിതം, സർക്കാർ വിഹിതം എന്നിവ പ്രയോജനപ്പെടുത്തിയുള്ളതാണ്. തിരുവിതാംകൂർ ദേവസ്വം ബോർഡ്, പത്മനാഭസ്വാമി ക്ഷേത്രം എന്നിവയ്ക്കുള്ള വാർഷിക വിഹിതം, ശബരിമല മാസ്റ്റർ പ്ലാൻ പദ്ധതിയ്ക്കായുള്ള ഗ്രാന്റ് എന്നിവ സഞ്ചിത നിധിയിൽ നിന്നുമാണ് നൽകുന്നുണ്ട്. കൂടാതെ കോവിഡ് മഹാമാരി മൂലം ക്ഷേത്രങ്ങളിൽ ഭക്തർക്ക് പ്രവേശന നിയന്ത്രണം ഏർപ്പെടുത്തിയത് മൂലമുണ്ടായ വരുമാന നഷ്ടം പരിഹരിക്കുന്നതിനായി വിവിധ ദേവസ്വം ബോർഡുകൾക്ക് സർക്കാർ പ്രത്യേക സാമ്പത്തിക സഹായം നൽകിയിരുന്നു. |

സെക്ഷൻ ഓഫീസർ